# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1051** 21/03/2013 ൽ മറുപടിക്ക്

**ആർ.എം.എസ്.എ പദ്ധതിയുടെ ലക്ഷ്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, വർക്കല കഹാർ<br>,, പാലോട് രവി | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | ആർ.എം.എസ്.എ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കമോ; | എ) | 14 നും 18 നും ഇടയിൽ പ്രായമുള്ള എല്ലാവർക്കും ഗുണനിലവാരമുള്ള സെക്കൻററി വിദ്യാഭ്യാസം നൽകുക എന്നതാണ് രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഈ പദ്ധതിയുടെ ഉദ്ദേശ്യങ്ങൾ ഇവയാണ്.<br>1.എല്ലാ സെക്കൻററി സ്കൂളുകളിലും അടിസ്ഥാന സൗകര്യങ്ങളും അദ്ധ്യാപകരും മറ്റ് അവശ്യ സൗകര്യങ്ങളും ഉണ്ടെന്ന് ഉറപ്പാക്കുക.<br>2. ഓരോ 5 കിലോമീറ്ററിനുള്ളിൽ ഒരു ഹൈസ്കൂളെങ്കിലും, 7-10 കിലോ മീറ്ററിനുള്ളിൽ ഒരു ഹയർ സെക്കൻററി സ്കൂളെങ്കിലും സ്ഥാപിച്ചും ആവശ്യമായ യാത്രാ സൗകര്യങ്ങൾ ഹോസ്റ്റൽ സൗകര്യങ്ങൾ എന്നിവ നൽകിയും എല്ലാവർക്കും സ്കൂളിലെത്താനുള്ള സൗകര്യം ഒരുക്കുക.<br>3. സ്ത്രീ-പുരുഷ, ജാതി-മത സാമ്പത്തിക, ശാരീരിക വൈകല്യ വ്യത്യാസങ്ങളാൽ ഒരു കുട്ടി പോലും സ്കൂളുകളിലെത്താതിരിക്കു ന്നില്ലെന്ന് ഉറപ്പുവരുത്തുക.<br>4. സെക്കൻററി വിദ്യാഭ്യാസത്തിൻെറ ഗുണമേന്മ വർദ്ധിപ്പിക്കാനായി പാഠ്യപദ്ധതി പരിഷ്കരിക്കുക.<br>5. എല്ലാ കുട്ടികൾക്കും ഗുണനിലവാരമുള്ള സെക്കൻററി വിദ്യാഭ്യാസം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക. |
| ബി) | പദ്ധതി നടപ്പാക്കാൻ എത്ര കോടി രൂപ കേന്ദ്രം അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) | 2009-10 ൽ 19.62 കോടി രൂപയും 2010-11-ൽ 5.84 കോടി രൂപയും 2011-12-ൽ 19.09 കോടി രൂപയും 2012-13-ൽ 15.27 കോടി രൂപ ഉൾപ്പെടെ ആകെ 59.82 കോടി രൂപയാണ് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| സി) | ഏതെല്ലാം പദ്ധതികൾ നടപ്പാക്കാനാണ് തുക അനുവദിച്ചിരിക്കുന്നത്; വിശദമാക്കുമോ; | സി) & ഡി) | 2009-10 ൽ അനുമതി ലഭിച്ച പ്രകാരം പ്രവർത്തനം ആരംഭിച്ച 60 സ്കൂളുകളിലെ 9, 10 ക്ലാസുകളിലെ അദ്ധ്യാപകരുടെയും ക്ലാർക്ക്, പ്യൂൺ എന്നിവരുടെയും ശമ്പളം ഈ തുകയിൽ നിന്ന് നൽകിവരുന്നു. എല്ലാ സർക്കാർ സ്കൂളുകൾക്കും 75,000/- രൂപ വീതം വാർഷിക ഗ്രാൻറ് നൽകിവരുന്നു. 60 ആർ.എം.എസ്.എ സ്കൂളുകൾക്ക് മൈനർ റിപ്പയർ ഒഴിച്ച് 50,000/- രൂപ വീതവും വാർഷിക ഗ്രാൻറായി നല്കിവരുന്നു. ആർ.എം.എസ്.എ സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിനായി ഓരോ സ്കൂളിനും 58.12 ലക്ഷം രൂപാ വീതം കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. അതിൽ 20 ലക്ഷം രൂപ വീതം ആകെ 12 കോടി രൂപ സ്കൂളുകളുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. കൂടാതെ ആർട്ട് & ക്രാഫ്റ്റ് റൂം, ടോയിലറ്റ് ബ്ലോക്കുകൾ, വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള വിനോദയാത്രകൾ, അദ്ധ്യാപക പരിശീലനം, ഗൈഡൻസ് ആന്റ് കൗൺസിലിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾക്കുമായാണ് കേന്ദ്ര സർക്കാർ തുക അനുവദിച്ചിരിക്കുന്നത്. ആർ.എം.എസ്.എ പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. |
| ഡി) | പദ്ധതികൾ പ്രാവർത്തികമാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ? | | |

സെക്ഷൻ ഓഫീസർ